## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **4935**

22.05.2017-ലെ മറുപടിക്ക്

### പൊതുമരാമത്ത് വകുപ്പിലെ നൈറ്റ് വാച്ചർ/അറ്റൻഡന്റ്തസ്തിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിൽ നൈറ്റ് വാച്ചർമാരുടെ എത്ര അനുവദനീയ തസ്തികകളുണ്ട്; നിലവിൽ ജോലി ചെയ്യുന്നവർ എത്ര; ഒഴിവുകൾ എത്ര; ആന്റിസിപ്പേറ്ററി ഒഴിവുകൾ സഹിതം എത്ര ഒഴിവുകൾ PSC ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) പൊതുമരാമത്ത് വകുപ്പിലെ വാച്ച്മാൻമാരുടെ അനുവദനീയമായ തസ്തികകൾ 186 എണ്ണമാണ്. അതിൽ 173 പേർ ജോലി ചെയ്യുന്നു. 13 ഒഴിവുകൾ നിലവിലുണ്ട്. ആയവ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>പ്രസ്തുത ഒഴിവുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം-5, ഇടുക്കി- 2, തൃശ്ശൂർ-3, മലപ്പുറം-1, വയനാട്-1, കണ്ണൂർ-1. |
| (ബി) പൊതുമരാമത്ത് വകുപ്പിൽ ഓഫീസ് അറ്റൻഡന്റ്മാരുടെ അനുവദനീയമായ തസ്തിക എത്ര; നിലവിൽ ജോലി ചെയ്യുന്നവർ എത്ര; ഒഴിവുകൾ എത്ര; ആന്റിസിപ്പേറ്ററി ഒഴിവുകൾ സഹിതം എത്ര ഒഴിവുകൾ PSC ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) പൊതുമരാമത്ത് വകുപ്പിലെ അറ്റൻഡന്റ്മാരുടെ അനുവദനീയമായ തസ്തിക 921 എണ്ണമാണ്, അതിൽ 909 പേർ ജോലി ചെയ്തു വരുന്നു. 12 ഒഴിവുകൾ നിലവിലുണ്ട്. ഇതിൽ 11 എണ്ണം പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം-2, പത്തനംതിട്ട-3, ഇടുക്കി- 3, പാലക്കാട്-3. |
| (സി) നൈറ്റ് വാച്ച്മാൻ / ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഏതു കാലയളവു വരെ ഉണ്ടാകാനിടയുള്ള ഒഴിവുകളാണ് ആന്റിസിപ്പേറ്ററി ഒഴിവുകളായി കണക്കാക്കി PSC ക്ക് റിപ്പോർട്ട് ചെയ്തത്; വിശദമാക്കാമോ; | (സി) പൊതുമരാമത്ത് വകുപ്പിൽ 31.12.2017 വരെയുള്ള കാലയളവിലെ ഓഫീസ് അറ്റൻഡന്റ്മാരുടെ ഒഴിവുകൾ 25.10.2016-ൽ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ നൈറ്റ് വാച്ച്മാൻമാരുടെ ഒഴിവുകൾ ഒന്നും തന്നെയില്ല. |
| (ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര നൈറ്റ് വാച്ച്മാൻമാരെ അന്തർ ജില്ലാ / വകുപ്പ് സ്ഥലംമാറ്റം നൽകി പൊതുമരാമത്ത് വകുപ്പിൽ നിയമിച്ചു; അവരുടെ പേരും ഓഫീസും ജില്ല തിരിച്ച് വിശദാംശം നൽകുമോ; | (ഡി) അന്തർ വകുപ്പ് സ്ഥലംമാറ്റം മുഖേന 2 നൈറ്റ് വാച്ച്മാൻമാരെ ഈ വകുപ്പിൽ നിയമിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. സരീഷ് കുമാർ.പി.ആർ,<br>മ്യൂസിയം & മൃഗശാല, തിരുവനന്തപുരം.<br>കോട്ടയം ജില്ലയിലേയ്ക്കാണ് നിയമനം നൽകിയത്. |

2. അനു.എം.,
കെമിക്കൽ എക്സാമിനേഷൻ ലാബ്,
തിരുവനന്തപുരം.
കൊല്ലം ജില്ലയിലേയ്ക്കാണ് നിയമനം നൽകിയത്.

| | | | |
|---|---|---|---|
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഓഫീസ് അറ്റൻഡന്റ് മാരെ അന്തർ വകുപ്പ് / ജില്ലാ സ്ഥലം മാറ്റം നൽകി പൊതുമരാമത്ത് വകുപ്പിൽ നിയമിച്ച ; ഇങ്ങനെ നിയമനം നൽകിയവരുടെ പേര്, മേൽവിലാസം, ജോലി ചെയ്തിരുന്ന വകുപ്പ്, ജില്ല, പ്രസ്തുത വകുപ്പുകളിൽ ജോലി ചെയ്ത കാലയളവ് എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 4 ഓഫീസ് അറ്റൻഡന്റ്മാരെ അന്തർ വകുപ്പ് സ്ഥലം മാറ്റം വഴി പൊതുമരാമത്ത് വകുപ്പിലേയ്ക്ക് നിയമിച്ചിട്ടുണ്ട്. അവരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

1. അനില.കെ.കെ,
കടലുണ്ടി, കോഴിക്കോട്.
എസ്.സി.എസ്.റ്റി വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (26.06.2015 മുതൽ 28.06.2016 വരെ).
കോഴിക്കോട് ജില്ലയിലേയ്ക്കാണ് സ്ഥലംമാറ്റം നൽകിയത്.

2. സബിത.സി.ആർ,
ആലത്തൂർ, പാലക്കാട്.
പൊതുമരാമത്ത് വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (20.10.2014 മുതൽ 26.07.2016 വരെ)
പാലക്കാട് ജില്ലയിലേയ്ക്കാണ് സ്ഥലംമാറ്റം നൽകിയത്.

3. അംബിക.കെ.കെ,
പള്ളുരുത്തി, എറണാകുളം.
ടാക്സസ് വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (26.06.2015 മുതൽ 07.02.2017 വരെ)
എറണാകുളം ജില്ലയിലേയ്ക്കാണ് സ്ഥലംമാറ്റം നൽകിയത്.

4. ജയ മംഗലശ്ശേരി,
മേലൂർ, ധർമ്മടം, കണ്ണൂർ.
സാംസ്കാരിക വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (11.05.2015 മുതൽ 08.03.2017 വരെ)

കണ്ണൂർ ജില്ലയിലേയ്ക്കാണ് സ്ഥലംമാറ്റം നൽകിയത്.

സെക്ഷൻ ഓഫീസർ